**Circular**
**മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**
**No. 10/ 2026**

## ജപമാല മാസം

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഒക്ടോബർ മാസം ജപമാല രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രത്യേക ഭക്തിയുടെ മാസമായി നാ ആചരിക്കുന്നു. ഒക്ടോബർ 7-ാം തിയതി ജപമാല രാജ്ഞിയുടെ തിരുനാളാണ്. ഈ വിശുദ്ധ മാസത്തിൽ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം തേടിക്കൊണ്ട് കൂടുതൽ ആത്മാർത്ഥതയോടും വിശ്വാസത്തോടും കൂടി ജപമാല പ്രാർത്ഥനയിൽ പങ്കുചേരാൻ നമുക്ക് ശ്രമിക്കാം.

ഈശോയുടെ ജീവിതത്തിലെ രക്ഷാകരമായ സംഭവങ്ങളെ പരിശുദ്ധ അമ്മയോടൊപ്പം ധ്യാനിക്കുന്ന മനോഹരമായ പ്രാർത്ഥനാ മാർഗമാണ്. സുവിശേഷത്തിലെ പ്രധാന സംഭവങ്ങളിലൂടെ ഈശോയുടെ ജനനം, പീഡാസഹനം, മരണം, ഉത്ഥാനം എന്നിവ നാം ധ്യാനിക്കുന്നു. അതുവഴി ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധം കൂടുതൽ ആഴപ്പെടുന്നു. ഈശോയുടെ ജീവിതത്തെ മുഴുവനും ധ്യാനിച്ചുകൊണ്ടും ഈശോ പഠിപ്പിച്ച പ്രാർത്ഥന ചൊല്ലിക്കൊണ്ടും ത്രിത്വ സ്തുതികൾ അർപ്പിച്ചുകൊണ്ടും മാതാവിന്റെ മാധ്യസ്ഥം തേടുന്ന സുന്ദരമായ പ്രാർത്ഥനാ മഞ്ചരിയാണ് ജപമാല! ജപമാല എല്ലാവരും ഭക്തിയോടെ ചൊല്ലണമെന്ന് അഭ്യർത്ഥിക്കുന്നു. ജപമാല കൈകളിലേന്തി പരിശുദ്ധ അമ്മയോടുള്ള ഭക്തിയും സ്നേഹവും പ്രകടിപ്പിക്കുവാനും കൂടുതൽ വിശ്വാസത്തോടെ മിശിഹ രഹസ്യങ്ങളെ ധ്യാനിക്കുവാനും ജപമാല മാസാചരണം നമ്മെ സഹായിക്കട്ടെ.

ജപമാല പ്രാർത്ഥിക്കുമ്പോൾ നാം പരിശുദ്ധ അമ്മയുടെ കൈപിടിച്ചുകൊണ്ട് ഈശോയിലേയ്ക്ക് അടുത്തുചെല്ലുകയാണ്. അതുകൊണ്ട് തന്നെ ജപമാല നമ്മെ ക്രിസ്തുകേന്ദ്രിതമായ ജീവിത ത്തിലേക്കും വിശ്വാസത്തിന്റെ ആഴത്തിലേക്കും നയിക്കുന്ന പ്രാർത്ഥനയാണ്. ജപമാലയിലിൽ ഭക്തിയോടെ ക്രിസ്തുവിന്റെ രഹസ്യങ്ങൾ ധ്യാനിക്കുമ്പോൾ മറിയത്തിന്റെ കണ്ണുകളിലൂടെ മിശിഹായെ കാണാൻ കഴിയുമെന്ന് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ നമ്മെ പഠിപ്പിക്കുന്നു. 1214 ൽ വി. ഡോമിനിക്കിന് പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ട് ജപമാല നല്കിയെന്നാണ് പരമ്പരാഗത

വിശ്വാസം. 1571 ൽ തുർക്കികൾ യുറോപ്പിനെ ആക്രമിച്ചപ്പോൾ ജപമാലയെന്ന ആയുധമാണ് ക്രൈസ്തവർക്കുണ്ടായിരുന്നത്. ലെപ്പാന്റോ യുദ്ധത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യത്താൽ ശത്രു സൈന്യത്തെ പരാജയപ്പെടുത്തിയതിന്റെ ഓർമ്മക്കായിട്ടാണ് പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാൾ ഒക്ടോബർ മാസത്തിൽ ആഘോഷിക്കാൻ തുടങ്ങിയത്. വി. അംബ്രോസ് പറയുന്നു, ദൈവം ഭൂമിയിലേക്ക് ഇറങ്ങിവന്ന ഗോവണി മറിയമാണ്. മനുഷ്യന് സ്വർഗ്ഗത്തിലേയ്ക്ക് കയറാനുള്ള ഗോവണിയാണ് പരിശുദ്ധ മറിയം. നാം ജപമാല ചൊല്ലുമ്പോൾ നിത്യജീവനിലേയ്ക്കുള്ള ഗോവണിപ്പടികളിലാണ് പാദങ്ങൾ ഊന്നുന്നത്.

ജപമാലയ്ക്ക് കുടുംബജീവിതത്തിലും വലിയ സ്ഥാനമുണ്ട്. ഒരുമിച്ച് ജപമാല ചൊല്ലുന്ന കുടുംബം ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബമാണ്. ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബത്തിൽ സ്നേഹവും, ഐക്യവും, സമാധാനവും വളരുന്നു. ദിവസവും ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന കുടുംബത്തിൻ പരിശുദ്ധ അമ്മ സംരക്ഷണം നൽകുന്നു. കുടുംബങ്ങൾ ഇന്ന് നേരിടുന്ന പല പ്രതിസന്ധികളേയും നന്മ നിറഞ്ഞ മരിയമെ എന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് നേരിടാൻ സാധിക്കും. ആധുനിക ലോകത്ത് നമ്മുടെ കുടുംബത്തിലേയ്ക്കും, വ്യക്തിജീവിതത്തിലേയ്ക്കും, നമ്മുടെ മക്കളുടെ ജീവിതത്തിലേയ്ക്കും കടന്ന് വരുവാൻ സാധ്യതയുള്ള തിന്മകളെ ഈ ജപമാല പ്രാർത്ഥനയിലുടെ അതിജീവിക്കാൻ നമ്മുക്ക് സാധിക്കും.

ഒക്ടോബർ മാസത്തിൽ നമ്മുടെ എല്ലാ പള്ളികളിലും തുടർച്ചയായി 10 ദിവസം വിശുദ്ധ കുർബാനയുടെ മുമ്പിൽ ജപമാല ചൊല്ലുന്ന നല്ല പതിവ് നമുക്കുണ്ട്. അത് ഈ വർഷവും കൂടുതൽ ഭക്തിയോടെ നടത്തണമെന്നും, ഇതിൽ എല്ലാവരും പങ്കെടുക്കണമെന്നും സ്നേഹത്തോടെ ഓർമ്മപ്പെടുത്തട്ടെ. ആവശ്യമുള്ളിടത്ത് രാവിലെയും വൈകുന്നേരവും ഇത് നടത്താവുന്നതാണ്. കുട്ടികളേയും യുവജനങ്ങളേയും ഇതിൽ പ്രത്യേകം പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

ഇന്ന് നമ്മുടെ സമൂഹത്തേയും സഭയേയും ലോകത്തേയും നിരവധി പ്രതിസന്ധികളും യുദ്ധങ്ങളും അശാന്തികളും വേദനകളും അലട്ടുന്നുണ്ട്. ഈ സാഹചര്യത്തിൽ ലോകസമാധാനത്തിനും കുടുംബങ്ങളുടെ ഐക്യത്തിനും യുവജനങ്ങളുടെ വിശ്വാസ സംരക്ഷണ

ത്തിനും രോഗികളുടെയും ദുരിതമനുഭവിക്കുന്നവരുടെയും ആശ്വാസ ത്തിനും സഭയുടെ വിശുദ്ധികരണത്തിനുമായി ജപമാല പ്രാർത്ഥന ന മുക്ക് സമർപ്പിക്കാം.

നിങ്ങൾ മറിയത്തെ നന്മ നിറഞ്ഞവൾ എന്ന് വിളിക്കുമ്പോൾ അനുഗ്രഹങ്ങൾ വാരി വിതറി അവൾ മറുപടി നൽകും. എന്ന വിശുദ്ധ ബർണ്ണദിന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് വാത്സല്യപൂർവം ന മ്മെ സംരക്ഷിക്കുന്ന നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയ ത്തിന്റെ വിമലഹൃദയത്തിന്റെയും നമ്മുടെ രൂപതയുടെ മധ്യസ്ഥനായ വി. തോമാശ്ലീഹയുടെയും സംരക്ഷണയ്ക്ക് നിങ്ങളെ എല്ലാവരെയും സമർപ്പിച്ചുകൊണ്ടും ✝ പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാ ത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
30.08.2026

**✝ മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ സർക്കുലർ 27.09.2026ന് എല്ലാ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

